**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5310** **15-03-2023 - ൽ മറുപടിയ്ക്ക്**

**റബ്ബർ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റബ്ബർ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് റബ്ബർ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) | പ്ലാന്റേഷൻ കോർപ്പറേഷന് ഷീറ്റ് ഉണ്ടാക്കാനും സെൻട്രിഫ്യൂഗൽ ലാറ്റക്സും കപ്പ് ലംബും അടക്കമുള്ളവ നിർമ്മിക്കാനുമുള്ള സംവിധാനമുണ്ടായിട്ടും കമ്മീഷൻ ഏജന്റ് വഴി ലാറ്റക്സ് വിൽക്കുകയാണ് എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള സെൻറിഫ്യൂജ്ഡ് ലാറ്റക്സ് ഫാക്ടറികളാണ് എറണാകുളം ജില്ലയിലെ കല്ലാല ഫാക്ടറിയും പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രൂപ്പ് ലാറ്റക്സ് ഫാക്ടറിയും. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ പാൽ മൂല്യവർദ്ധനവ് നടത്തി 60% DRC സെൻറിഫ്യൂജ്ഡ് ലാറ്റക്സ് ആക്കി ഇ-ടെൻഡർ വഴി വിൽപ്പന നടത്തിവരുന്നു. ടി ഇ-ടെൻഡറിൽ ഏജന്റുമാരും നേരിട്ടുള്ള ഉപഭോക്താക്കളും പങ്കെടുക്കാറുണ്ട്. കോർപ്പറേഷന്റെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് ഏതൊരാൾക്കും നിരക്കുകൾ രേഖപ്പെടുത്തി ഇ-ടെൻഡറിൽ പങ്കെടുത്ത് വിൽപ്പനയിൽ പങ്കാളിയാകാവുന്നതാണ്. ഇപ്രകാരം ഇ-ടെൻഡറിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ മുഴുവൻ തുകയും മുൻകൂറായി കോർപറേഷന്റെ അക്കൗണ്ടിൽ അടച്ചതിനു ശേഷം മാത്രമേ സെനക്സ് വിൽപ്പന നടത്തുകയുള്ളൂ. ഏജന്റുമാരല്ലാതെ നേരിട്ട് സെനക്സ് വാങ്ങുന്നവർക്ക് കമ്മീഷൻ നൽകുന്നില്ല. ഏജൻസി കമ്മീഷൻ നൽകുന്നതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ഒരു മാസം 149 ബാരൽ വരെ - കമ്മീഷന് അർഹതയില്ല.<br><br>150 മുതൽ 200 വരെ 0.50%<br>201 മുതൽ 300 വരെ 0.55% |

| | | | |
|---|---|---|---|
| | | | 301 മുതൽ 400 വരെ 0.60%<br>401 മുതൽ 0.75%<br><br>കൂടാതെ, ലാറ്റക്സ് സെൻടിഫ്യൂജ് ചെയുമ്പോൾ ഇതിൽനിന്നും ലഭിക്കുന്ന ഉപ ഉല്പന്നങ്ങളായ സ്കീം ക്രീപ്പ്, സെനക്സ് ഓവർ കോട്ട് - 1x, 2x, 3x; മില്ലിങ് വേസ്റ്റ്, പിറ്റ് റിക്കവറി തുടങ്ങിയവയുടെ വിപണനം നടത്തുന്നത് ഇ ടെൻഡർ / മാനുവൽ ടെൻഡർ വഴി ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്ന കരാറുകാരന് നിശ്ചിത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കരാർ ഉറപ്പിച്ചു നൽകുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ വെറ്റിലപ്പാറ ഫാക്ടറിയിൽ cuplump മൂല്യവർദ്ധനവ് നടത്തി വിവിധ ഗ്രേഡിലുള്ള ISNR (block rubber) വിൽപ്പന നടത്തുന്നു. സെനക്സ് ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പനക്ക് കമ്മീഷൻ നൽകുന്നില്ല. |
| (സി) | ഇതുമൂലം അഞ്ച് ശതമാനം കമ്മീഷൻ നൽകി നഷ്ടത്തിലാണ് ലാറ്റക്സ് വിൽക്കുന്നത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ? | (സി) | പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള സെൻറിഫ്യൂജ്ഡ് ലാറ്റക്സ് ഫാക്ടറികളാണ് എറണാകുളം ജില്ലയിലെ കല്ലാല ഫാക്ടറിയും പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രൂപ്പ് ലാറ്റക്സ് ഫാക്ടറിയും. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ പാൽ മൂല്യവർദ്ധനവ് നടത്തി 60% DRC സെൻറിഫ്യൂജ്ഡ് ലാറ്റക്സ് ആക്കി ഇ-ടെൻഡർ വഴി വിൽപ്പന നടത്തിവരുന്നു. ടി ഇ-ടെൻഡറിൽ ഏജന്റുമാരും നേരിട്ടുള്ള ഉപഭോക്താക്കളും പങ്കെടുക്കാറുണ്ട്. കോർപ്പറേഷന്റെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ചു ഏതൊരാൾക്കും നിരക്കുകൾ രേഖപ്പെടുത്തി ഇ-ടെൻഡറിൽ പങ്കെടുത്ത് വിൽപ്പനയിൽ പങ്കാളിയാകാവുന്നതാണ്. ഇപ്രകാരം ഇ-ടെൻഡറിൽ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ മുഴുവൻ തുകയും മുൻകൂറായി കോർപറേഷന്റെ അക്കൗണ്ടിൽ അടച്ചതിനു ശേഷം മാത്രമേ സെനക്സ് വിൽപ്പന നടത്തുകയുള്ളൂ. ഏജന്റുമാരല്ലാതെ നേരിട്ട് സെനക്സ് വാങ്ങുന്നവർക്ക് കമ്മീഷൻ നൽകുന്നില്ല. ഏജൻസി കമ്മീഷൻ നൽകുന്നതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു. ഒരു മാസം 149 ബാരൽ വരെ - കമ്മീഷന് അർഹതയില്ല.<br><br>150 മുതൽ 200 വരെ 0.50%<br>201 മുതൽ 300 വരെ 0.55%<br>301 മുതൽ 400 വരെ 0.60%<br>401 മുതൽ 0.75%<br><br>കൂടാതെ, ലാറ്റക്സ് സെൻടിഫ്യൂജ് ചെയുമ്പോൾ ഇതിൽനിന്നും ലഭിക്കുന്ന ഉപ ഉല്പന്നങ്ങളായ സ്കീം ക്രീപ്പ്, സെനക്സ് ഓവർ കോട്ട് - 1x, 2x, 3x; മില്ലിങ് |

| | | | |
|---|---|---|---|
| | | | വേസ്റ്റ്, പിറ്റ് റിക്കവറി തുടങ്ങിയവയുടെ വിപണനം നടത്തുന്നത് ഇ ടെൻഡർ / മാനുവൽ ടെൻഡർ വഴി ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്ന കരാറുകാരന് നിശ്ചിത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കരാർ ഉറപ്പിച്ചു നൽകുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ വെറ്റിലപ്പാറ ഫാക്ടറിയിൽ cuplump മൂല്യവർദ്ധനവ് നടത്തി വിവിധ ഗ്രേഡിലുള്ള ISNR (block rubber) വിൽപ്പന നടത്തുന്നു. സെനക്സ് ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പനക്ക് കമ്മീഷൻ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ